# 46. ഇന്ത്യയിൽ അണുവൈദ്യുതി

അണുസ്ഫോടനത്തിൽനിന്ന് ഉളവാകുന്ന താപോർജം വൈദ്യുതിയാക്കി മാററാൻ കഴിഞ്ഞാൽ മനുഷ്യവർഗത്തിന്റെ ഊർജപ്രശ്നം എന്നെന്നേക്കുമായി പരിഹരിക്കപ്പെടുമെന്നും, ആവശ്യമുള്ള അളവിൽ വിദ്യുച്ഛക്തി എല്ലാ ആളുകൾക്കും ചുരുങ്ങിയ വിലയ്ക്കു നൽകാൻ കഴിയുമെന്ന്, ഈ നൂററാണ്ടിന്റെ മധ്യദശകങ്ങളിൽ പലരും വിശ്വസിച്ചിരുന്നു. അണുശക്തി വികസിപ്പിച്ചെടുക്കുന്നതിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ച രാജ്യങ്ങളിൽ ഈ വിശ്വാസം ഇന്നു മിക്കവാറും കെട്ടടങ്ങിയിരിക്കുന്നു.

അമേരിക്കയിൽ 'ത്രീ മൈൽ ഐലൻഡ്' എന്ന സ്ഥലത്തും സോവിയററ് യൂനിയനിൽ 'ചെർണോബിൽ' എന്ന സ്ഥലത്തും അണുവൈദ്യുതി നിലയങ്ങളിലുണ്ടായ അപകടങ്ങളിൽനിന്ന്, ചുററുമുള്ള ജീവവ്യൂഹത്തെ അണുവൈദ്യുതീ നിലയങ്ങൾ എത്ര ആപൽക്കരമായും സ്ഥിരമായും ബാധിക്കുമെന്നതിനെ സംബന്ധിച്ച് പരക്കെ ഉളവായ അവബോധമാണ് ഈ വിശ്വാസക്ഷയത്തിനു വലിയ അളവോളം കാരണമായത്. അണുവൈദ്യുതീ നിലയങ്ങൾ വൻതോതിൽ മലിനപദാർത്ഥങ്ങളെ ഉല്പാദിപ്പിക്കുന്നുണ്ട്; എത്രയോ സഹസ്രാബ്ദങ്ങളോളം ജീവവ്യൂഹത്തിന് ആപത്തുളവാക്കാൻ സാദ്ധ്യതയുള്ള ഈ മലിനപദാർത്ഥങ്ങൾ എങ്ങനെ കൈയൊഴിക്കാമെന്ന് ഇനിയും തീരുമാനമായിട്ടുമില്ല. അണുവൈദ്യുതിയോടുള്ള താല്പര്യം പരിഷ്കൃതരാജ്യങ്ങളിൽ കുറഞ്ഞുവന്നതിന്റെ രണ്ടാമത്തെ കാരണം ഇതാണ്. മൂന്നാമതായി താങ്ങാനാവാത്ത മൂലധനനിക്ഷേപം അണുവൈദ്യുതീ നിർമാണത്തിനാവശ്യമാണ്; അതിനാൽ അണുവൈദ്യുതി ഒരിക്കലും ആദായകരമായിരിക്കയില്ല എന്നു തെളിഞ്ഞിരിക്കുന്നു. മുപ്പതോ മുപ്പത്തഞ്ചോ വർഷം പ്രവർത്തിക്കുമ്പോഴേക്ക് അണുപ്രസരണംമൂലം അണുവൈദ്യുതീ നിലയങ്ങളുടെ അടുത്തേക്കു മനുഷ്യർക്കു ചെല്ലാൻ വയ്യാതാവും; പിന്നീട് ഈ നിലയങ്ങൾ കോൺക്രീററിട്ടു മൂടുകയേ നിർവാഹമുള്ളു എന്നു കണ്ടിരിക്കുന്നു. അണുവൈദ്യുതിക്കെതിരായ നാലാമത്തേതും അവസാനത്തേതുമായ യുക്തി ഇതാകുന്നു.

ഇക്കാരണങ്ങളാൽ യൂറോപ്പിലും അമേരിക്കയിലുമുള്ള മിക്ക രാജ്യങ്ങളും പുതിയ അണുവൈദ്യുതീ നിലയങ്ങളുടെ നിർമാണം മന്ദഗതിയിലാക്കുകയോ തീരെ നിർത്തിവെക്കുകയോ ചെയ്തിരിക്കുന്നു. ഉള്ള അണുവൈദ്യുതീ നിലയങ്ങൾ മുഴുവൻ എങ്ങനെ പൊളിച്ചു മാററാമെന്ന ചിന്തയിലാണ് ഈ രാജ്യങ്ങളിൽ ചിലതെങ്കിലും.

ഈ വസ്തുതകളൊന്നും കണക്കിലെടുക്കാതെ ത്വരിതഗതിയിലുള്ള അണുവൈദ്യുതീനിലയനിർമാണവികസനത്തിന് തയ്യാറെടുക്കുകയാണ് ഇപ്പോൾ ഇന്ത്യ. പന്ത്രണ്ടു വർഷങ്ങൾകൂടി കഴിയുമ്പോഴേക്ക് ഇന്ത്യയിൽ പതിനായിരം മെഗാവാട്ട് (ഒരു മെഗാവാട്ട് പത്തുലക്ഷം വാട്ട്) അണുവൈദ്യുതി നിരന്തരമായി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ പടുത്തുയർത്തുവാൻ ഇന്ത്യയിലെ ന്യൂക്ലിയർ പവർ കോർപ്പറേഷൻ (എൻ. പി. സി.) ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. ബോംബെയിൽ താരാപൂരിൽ ഇപ്പോൾ നാനൂറ് മെഗാവാട്ട് ഉൽപാദനശേഷിയുള്ള ഒരു അണുവൈദ്യുതീ നിലയമുണ്ട്. ഇവിടെ ഓരോന്നും അഞ്ഞൂറു മെഗാവാട്ട് വീതം ഉല്പാദനശേഷിയുള്ള രണ്ടു റിയാക്ടറുകൾ കൂടി സ്ഥാപിക്കും. രാജസ്ഥാനിൽ 'കോട്ട' എന്ന സ്ഥലത്തുള്ള അണുവൈദ്യുതീ നിലയത്തിന്റെ ഉല്പാദനശേഷി ഇപ്പോൾ നാനൂററമ്പതു മെഗാവാട്ട് ആണ്. ഇവിടെ ഓരോന്നും അഞ്ഞൂറു മെഗാവാട്ട് വീതം ഉല്പാദനശേഷിയുള്ള നാലു റിയാക്ടറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശ്യം. ഗുജറാത്തിൽ 'കക്രപ്പാറ' എന്ന

സ്ഥലത്തു് ഓരോന്നും ഇരുനൂററിമുപ്പത്തഞ്ചു് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന നാലു റിയാക്ടറുകൾ പടുത്തുയർത്തും. ദില്ലിക്കടുത്തു് നറോറയിലുള്ള അണുവൈദ്യുതീനിലയത്തിൽ വൈദ്യുതി ഉല്പാദനം 1988 ഒക്ടോബർ 31—നു് തുടങ്ങുമെന്നാണു പറയപ്പെട്ടിരുന്നതു്. ഈ നിലയത്തിന്റെ ഉല്പാദനക്ഷമത നാനൂറെറഴുപതു മെഗാവാട്ടാണു്. തമിഴ്നാട്ടിൽ കല്പാക്കത്താണു് ഇപ്പോൾ മറെറാരു അണുവൈദ്യുതീനിലയം ഉള്ളതു്. ഇതിലെ രണ്ടു റിയാക്ടറുകളിൽ ഒന്നു് എന്തോ തകരാറുമൂലം അടച്ചിട്ടിരിക്കുകയാണു്. ഇവയ്ക്കു പുറമേ ആന്ധ്രപ്രദേശിലെ നാഗാർജ്ജുനസാഗർ കർണാടകത്തിലെ കൈഗ തമിഴ്നാട്ടിലെ കൂടംകുളം എന്നീ സ്ഥലങ്ങളിൽ പുതിയ അണുവൈദ്യുതീ നിലയങ്ങൾക്കുള്ള സ്ഥലം അക്വയർചെയ്യലും തുടർന്നുള്ള നടപടികളും ആരംഭിച്ചിട്ടുണ്ടു്. കേരളത്തിൽ കാസർഗോഡു് ജില്ലയിലുള്ള 'പെവളികെ' എന്ന സ്ഥലം തങ്ങൾ അണുവൈദ്യുതീ നിലയത്തിനു തിരഞ്ഞെടുത്തിട്ടുണ്ടെന്നും ഇവിടെ റിയാക്ടറുകൾ സ്ഥാപിക്കാൻ എൻ. പി. സി.യോടു് അപേക്ഷിച്ചിട്ടുണ്ടെന്നും വിദ്യുച്ഛക്തി മന്ത്രി ശ്രീ ശിവദാസമേനോൻ ഒക്ടോബർ അവസാന വാരത്തിൽ പ്രസ്താവിക്കുകയുണ്ടായി. എവിടെ സ്ഥാപിക്കണമെന്നു് ഇനിയും തീരുമാനമാവാത്ത അണുവൈദ്യുതീ നിലയങ്ങളിലൊന്നു് പെവളികെയിലായിക്കൊള്ളട്ടെ എന്നു് എൻ. പി. സി. തീരുമാനിച്ചുകൂടായ്കയില്ല. കർണാടകത്തിൽ കൈഗയിലും തമിഴ്നാട്ടിൽ കൂടംകുളത്തും അണുവൈദ്യുതീ നിലയങ്ങൾ നിർമ്മിക്കുന്നതിനെതിരെ അതതുപ്രദേശത്തെ സാമാന്യജനങ്ങളും ബുദ്ധിജീവികളും എതിർപ്പുകൾ സംഘടിപ്പിച്ചു തുടങ്ങിയിട്ടുണ്ടു്. കൂടംകുളത്തു് ഈ എതിർപ്പിനു നേതൃത്വം നൽകുന്നതു് ആ പ്രദേശത്തുള്ള ക്രൈസ്തവസഭകളാണെന്നു കാണുന്നു. 'അണുശക്തി വിമുക്തലോകത്തിനുവേണ്ടി പൗരന്മാർ' (സിററിസൺസ് ഫോർ എ ന്യൂക്ലിയർ ഫ്രീ വേൾഡ് സി. എൻ. ഡബ്ളിയു) എന്ന, മദ്രാസ് ആസ്ഥാനമാക്കിയുള്ള, പൗരസംഘടന കൂടംകുളത്തു് രണ്ടു് റിയാക്ടറുകൾ അടങ്ങിയ ഒരു അണുവൈദ്യുതീ നിലയം പണിയാനുള്ള ശ്രമത്തെ 'മറെറാരു ടൈംബോംബ്' എന്നാണു വിശേഷിപ്പിച്ചിട്ടുള്ളതു്. എന്നു വേണമെങ്കിലും ഈ റിയാക്ടറുകൾ പൊട്ടിത്തെറിക്കാമല്ലോ.

കൂടംകുളത്തു് അണുവൈദ്യുതീനിലയം പണിയാൻ 25,000 ആളുകളെയെങ്കിലും കുടിയൊഴിക്കേണ്ടിവരും. ചിദംബരനാർ ജില്ലയിലെ 'ഉവരി' മുതൽ കന്യാകുമാരി ജില്ലയിലെ 'മുട്ടം'വരെ എഴുപത്തഞ്ചു കിലോമീററർ നീളമുള്ള കടപ്പുറത്തു് മത്സ്യബന്ധനം ഈ അണുവൈദ്യുതീനിലയംമൂലം മുടങ്ങിപ്പോവും. അണുവൈദ്യുതീനിലയത്തിനു ചുററും പത്തു കിലോമീററർ ചുററുവട്ടത്തിൽ കൃഷിയും അസാദ്ധ്യമാവും. ഇതിൻഫലമായി രാധാപുരം, വിജയപ്പട്ടി, ചെട്ടികുളം മുതലായ വില്ലേജുകളിൽനിന്നു കർഷകർ ഒഴിഞ്ഞുപോകേണ്ടതായിവരും. ഈ വസ്തുതകൾ പരിഗണിച്ചു് കൂടംകുളം പദ്ധതി വേണ്ടെന്നുവയ്ക്കണമെന്നു് സി. എൻ. ഡബ്ളിയു. സർക്കാരിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

അണുവൈദ്യുതീനിലയങ്ങളോടുള്ള ജനങ്ങളുടെ എതിർപ്പു് കുറയ്ക്കുന്നതിനായി അവമൂലം സിദ്ധിക്കുന്ന ഗുണഗണങ്ങൾ പെരുപ്പിച്ചും ദോഷങ്ങൾ നേർപ്പിച്ചും കാട്ടുന്ന സെമിനാറുകൾ സംഘടിപ്പിക്കാൻ ഇന്ത്യാഗവണ്മെൻറിന്റെ ആററമിക് എനർജി വിഭാഗം (ഡിപ്പാർട്ടുമെൻറ് ഓഫ് ആററമിക് എനർജി—ഡി. എ. ഇ.) മുന്നോട്ടുവന്നിട്ടുള്ളതായി കാണുന്നു. ജവാഹർലാൽ നെഹ്റു ശതാബ്ദി അവസരത്തിൽ 1988 ഒക്ടോബർ 28—ാം തീയതി മദ്രാസിൽ ഡി. എ. ഇ. സംഘടിപ്പിച്ച 'അണുശക്തി സമാധാനത്തിനും ഊർജ്ജത്തിനും സമൃദ്ധിക്കും' എന്ന സെമിനാർ ഇത്തരത്തിൽപ്പെട്ട ഒന്നായിരുന്നു. ഈ സെമിനാർ ഉദ്ഘാടനംചെയ്തതു് മദ്രാസ് ഗവർണർ ഡോ. പി. സി. അലക്സാണ്ടർ ആണു്. ഏതു പുതുമയെയും അജ്ഞരായ ജനങ്ങൾ എതിർക്കുമെന്നും അവരെ കാര്യം ഗ്രഹിപ്പിക്കേണ്ടതു് ശാസ്ത്രജ്ഞന്മാരുടെ ചുമതലയാണെന്നും തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഡോ. അലക്സാണ്ടർ പ്രസ്താവിച്ചു.

യോഗത്തിൽ മുഖ്യപ്രസംഗം ചെയ്തത് ഇന്ത്യയിലെ ആററമിക് എനർജി കമ്മീഷന്റെ ചെയർമാൻ ആയ ഡോക്ടർ എം. ആർ ശ്രീനിവാസനായിരുന്നു. അണുവൈദ്യുതീനിലയങ്ങളെ എതിർക്കുന്നവർ അമേരിക്കയുടെയും സ്വീഡന്റെയും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാറുള്ളത് തികച്ചും ശരിയല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകത്തിലെ ഇരുപത്താറു രാജ്യങ്ങളിൽ ഇപ്പോൾ നാനൂററിപ്പതിനേഴ് അണുവൈദ്യുതീനിലയങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ലോകവൈദ്യുതിയുല്പാദനത്തിന്റെ പതിനാറു ശതമാനം അണുവൈദ്യുതീനിലയങ്ങളാണു നൽകുന്നത്. ഫ്രാൻസിലെ വൈദ്യുതിയിൽ എഴുപതു ശതമാനവും സ്വീഡനിലെ വൈദ്യുതിയിൽ അമ്പതു ശതമാനവും ജപ്പാനിലെ വൈദ്യുതിയിൽ ഇരുപത്തഞ്ചു ശതമാനവും അണുവൈദ്യുതിയാണെന്ന് ഡോക്ടർ ശ്രീനിവാസൻ പറഞ്ഞു. അമേരിക്കയിൽ നൂറോളം അണുവൈദ്യുതീനിലയങ്ങളുണ്ട്; ചില അണുവൈദ്യുതീനിലയങ്ങൾ പുതുതായി അവിടെ നിർമിച്ചുവരുന്നു. ലോകത്തിലെ കൽക്കരി, എണ്ണ ശേഖരത്തിൽ വലിയൊരു പങ്ക് അമേരിക്കയുടെ കൈയിലാണെന്നോർക്കണം. സ്വീഡനിൽ കുറച്ചാളുകളേ ഉള്ളു. അവർക്ക് ആവശ്യമുള്ള വൈദ്യുതി ജലവൈദ്യുതീനിലയങ്ങളിലുണ്ടാക്കാം. 'ഇന്ത്യയിൽ എൺപതു കോടി ജനങ്ങൾ ഉണ്ട്. അവർക്ക് വേണ്ടത്ര ഊർജം നൽകാൻ അണുവൈദ്യുതീനിലയങ്ങൾക്കേ കഴിയൂ' എന്ന് ഡോക്ടർ ശ്രീനിവാസൻ തറപ്പിച്ചു പറഞ്ഞു.

ഡോക്ടർ ശ്രീനിവാസന്റെ പ്രസംഗത്തെപ്പററി 'അണുവൈദ്യുതീ നിലയം—നേരും നുണയും' എന്നൊരു മുഖപ്രസംഗം ഒക്ടോബർ 31-ാം തീയതിയിലെ 'ദിനമണി' എന്ന തമിഴ്പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകൾ സാമർത്ഥ്യത്തോടെ തിരഞ്ഞെടുത്ത് അള്ളിപ്പുരത്തി സത്യത്തെ മറക്കാനും തിരിക്കാനും കഴിയും. ഇതിന് ഒരു നല്ല ഉദാഹരണമാണ് അണുശക്തിയെപ്പററി ഡോ. ശ്രീനിവാസൻ ചെയ്ത പ്രസംഗം എന്ന് 'ദിനമണി' പറയുന്നു.

ശ്രീനിവാസൻ പറയാൻ മറന്ന, അല്ലെങ്കിൽ പറയാതെ മറച്ച, സ്ഥിതിവിവരക്കണക്കുകൾ സമർപ്പിക്കുന്ന സത്യം മറെറാന്നാണെന്ന് 'ദിനമണി' തുടരുന്നു. 'വേൾഡ് വാച്ച് ഇൻസ്റ്റിററ്യൂട്ട്' എന്ന അമേരിക്കൻ സ്ഥാപനം പ്രസിദ്ധീകരിച്ച '1987-ൽ ലോകത്തിന്റെ സ്ഥിതി' (State of the world-1987) എന്ന ആധികാരികഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു:

'അണുയുഗത്തിലേക്കു ലോകത്തെ നയിച്ച അമേരിക്ക ഇന്ന് ആ യുഗത്തിൽനിന്നു പുറത്തു കടക്കുന്നതിന്റെ മുന്നണിയിലാണ്. അമേരിക്കയിൽ 1974-നുശേഷം പുതിയ അണുവൈദ്യുതീനിലയങ്ങൾ അംഗീകരിക്കപ്പെടുകയോ നിർമിക്കപ്പെടുകയോ ചെയ്തിട്ടില്ല. നൂറേറഴ് പുതിയ റിയാക്ടറുകൾ നിർമിക്കുന്നതിനുള്ള പരിപാടി അവിടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ ഉപേക്ഷിക്കപ്പെട്ട റിയാക്ടറുകളുടെ എണ്ണം ഇപ്പോൾ അമേരിക്കയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും നിർമിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ റിയാക്ടറുകളുടെ എണ്ണത്തിനു തുല്യമാണ്. 1970-ൽ നിർമാണം ആരംഭിച്ച ഇരുപത്തിമൂന്നു റിയാക്ടറുകളുടെ പണി 1986-87-ൽ പൂർത്തിയാവും. എന്നാൽ, നിർമാണം 1988-ൽ പൂർത്തിയാവേണ്ടിയിരുന്ന റിയാക്ടറുകൾ നാലെണ്ണമേ ഉള്ളൂ. 1990-നുമുമ്പ് അമേരിക്കയിൽ പുതിയ റിയാക്ടറുകളുടെ നിർമാണം മുഴുവനായും നിർത്തിവയ്ക്കപ്പെടും.' (പേജ് 20)

'ഇതു വായിക്കുന്നവർക്ക്, സത്യം മറയ്ക്കുന്നത് ഡോക്ടർ ശ്രീനിവാസനോ അണുവൈദ്യുതീനിലയങ്ങളെ എതിർക്കുന്നവരോ എന്നു പറയാതെതന്നെ മനസ്സിലാവും' എന്ന് 'ദിനമണി' തുടർന്ന് എഴുതുന്നു.

സ്വീഡനിലോ? അവിടെ വൈദ്യുതി ഉല്പാദനത്തിൽ പകുതിയും ഇപ്പോൾ അണുവൈദ്യുതീനിലയങ്ങളിൽ നടക്കുന്നു എന്നത് സത്യമാണ്. എന്നാൽ, ഡോ. ശ്രീനിവാസൻ പറയാതെവിട്ട മറെറാരു സത്യമുണ്ട്. 'സ്വീഡനിൽ

ജനഹിത പരിശോധന നടത്തി അവിടെയുള്ള അണുവൈദ്യുതീനിലയങ്ങൾ മുഴുവൻ മുപ്പതു വർഷങ്ങൾക്കുള്ളിൽ (അതായതു് എ. ഡി.2010–നുമുമ്പ്) പൊളിച്ചുകളയണമെന്നു് 1980–ൽ ഭൂരിപക്ഷപ്രകാരം തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനം സ്വീഡിഷ് സർക്കാരും അംഗീകരിച്ചു. എല്ലാ റിയാക്ടറുകളും അടച്ചിടുമെന്ന ദൃഢനിശ്ചയം 1986–ൽ സ്വീഡിഷ് സർക്കാർ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുമുണ്ട്.' (ന്യൂയോർക്ക്ടൈംസ്, 18 ആഗസ്റ്റ്, 1986.)

ഇതെല്ലാം മറച്ചുവെച്ച 'സ്വീഡനിലെ വൈദ്യുതിയിൽ നേർപാതി അണുവൈദ്യുതിയാണ്'' എന്നു പറയുന്ന ഡോ. ശ്രീനിവാസന്റെ സത്യം മഹാഭാരതത്തിൽ 'അശ്വത്ഥാമാ ഹതഃ കുഞ്ജരഃ' എന്നു പറഞ്ഞ ധർമപുത്രന്റെ സത്യം പോലെയാണെന്നു് 'ദിനമണി' ചൂണ്ടിക്കാട്ടുന്നു.

'സർക്കാർ ജോലിയിലുള്ള ശാസ്ത്രജ്ഞർ സർക്കാരിന്റെ ഇഷ്ടത്തിനെതിരായി പ്രവർത്തിക്കുമെന്നു പ്രതീക്ഷിച്ചുകൂടാ. സർക്കാർ കല്പിച്ചാൽ ശാസ്ത്രജ്ഞർ അണുറിയാക്ടറും ഉണ്ടാക്കും; അണുബോംബും നിർമിക്കും. അതുകൊണ്ടാണു ലോകത്തിലെങ്ങുമുള്ള ജനങ്ങൾ ഭാവിയെ നിർണയിക്കേണ്ട ഉത്തരവാദിത്വം മുഴുവനുമായി ശാസ്ത്രജ്ഞർക്കു വിട്ടുകൊടുക്കാൻ തയ്യാറാകാത്തതു്. അണുവൈദ്യുതീ നിലയങ്ങൾ വേണമോ വേണ്ടയോ എന്ന ജീവന്മരണപ്രശ്നത്തിൽ ബഹുജനങ്ങളുടെ തീരുമാനമാണ് തീരുമാനം' എന്നു് 'ദിനമണി' ഈ മുഖപ്രസംഗം ഉപസംഹരിക്കുന്നു.

കാസർഗോഡ് ജില്ലയിൽ ഒരു അണുവൈദ്യുതീ നിലയം വേണമെന്നതു് കേരളാഗവൺമെന്റിന്റെ ആഗ്രഹമായിരിക്കാം. പക്ഷേ, ഈ കാര്യത്തിൽ അവസാനതീരുമാനം കേരളത്തിലെ ബഹുജനങ്ങളുടേതായിരിക്കണം. അണുവൈദ്യുതീനിലയത്തിന്റെ 'സാമൂഹ്യവില' (സമൂഹം അതിനെ ചോരയായും കണ്ണീരായും വിയർപ്പായും നൽകേണ്ട വില) എന്തെന്നു ബഹുജനങ്ങൾ മനസ്സിലാക്കേണ്ടതു് അനിവാര്യമായ ഒരു ആവശ്യമാണ്.

(3 ഒക്ടോബർ, 1988)

# 47. കൂടംകുളം അണുവൈദ്യുതീനിലയം

ഇന്ത്യയിൽ പത്തു് അണുവൈദ്യുതീ സംയന്ത്രങ്ങൾകൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ ന്യൂക്ലിയർ പവർ കോർപ്പറേഷൻ (എൻ. പി. സി.) തീരുമാനിച്ചതായി സെപ്റ്റംബർ 20–ലെ 'ഹിന്ദു'വിൽ ആ പത്രത്തിന്റെ ബോംബെ ലേഖകൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇവയിൽ ആറു യൂണിറ്റുകൾ അഞ്ഞൂറു മെഗാവാട്ട് (ഒരു മെഗാവാട്ട്=പത്തുലക്ഷം വാട്ട്) വീതം വൈദ്യുതി ഉല്പാദിപ്പിക്കുന്നവയായിരിക്കും; നാലു യൂണിറ്റുകൾ ഇരുന്നൂറ്റിമുപ്പത്തഞ്ചു മെഗാവാട്ട് ഉല്പാദനശേഷിയുള്ളവയും. നാലെണ്ണത്തിന്റെ പണി ഉടൻ ആരംഭിക്കുമെന്നും, ആറെണ്ണം അടുത്ത പഞ്ചവത്സര പദ്ധതിക്കാലത്തു നിർമിക്കപ്പെടുമെന്നുമാണു പ്രതീക്ഷ. ഈ യൂണിറ്റുകൾ എവിടെയൊക്കെയാണു സ്ഥാപിക്കുക എന്നു് ഇനിയും തീർച്ചയായിട്ടില്ല.

ദില്ലിയിൽനിന്നു് 140 കിലോമീറ്റർ ദൂരെ ഗംഗാതീരത്തു് നറോറയിൽ രണ്ടു് അണുവൈദ്യുതി യൂണിറ്റുകൾ തയ്യാറായിവരുന്നുണ്ട്. ഇവയിൽ 470 മെഗാവാട്ട് ഉല്പാദനശേഷിയുള്ള ആദ്യത്തെ യൂണിറ്റ്(എൻ. എ.പി. പി.–1) ഈ ഒക്ടോബർ 31–ാം തീയതി 'ക്രിറ്റിക്കൽ' (ക്രിയോന്മുഖം) ആവുമെന്നാണു കരുതപ്പെടുന്നതു്. ഇതിൽനിന്നു് 1989–ൽ വൈദ്യുതി ലഭിച്ചുതുടങ്ങും. 1976–ൽ നിർമാണം ആരംഭിച്ച ഈ യൂണിറ്റിനു് ഇതിനകം 532 കോടി രൂപ ചെലവായി. നറോറയിലെ രണ്ടാമത്തെ യൂണിറ്റ് (എൻ. എ. പി. പി.–2) 1989